**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 43** **04.02.2020 ൽ മറുപടിക്ക്.**

**ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം<br>ശ്രീ.പി. ഉണ്ണി<br>,, എ. എൻ. ഷംസീർ<br>പ്രൊഫ. കെ.യു അരുണൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ജി.എസ്.ടി. വരുമാനത്തിൽ കുറവുണ്ടായ സാഹചര്യത്തിൽ ജി.എസ്.ടി. യിൽ ഉളള തട്ടിപ്പുകൾ അവസാനിപ്പിക്കാൻ ജി.എസ്.ടി. വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന വാണിജ്യ നികുതി ചെക്പോസ്റ്റുകൾ ചരക്കുസേവന നികുതി നിയമം നടപ്പിലാക്കിയതിനോടനുബന്ധിച്ച് നിർത്തലാക്കി. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം ആയതിനാൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്ന ചരക്കുവാഹനങ്ങൾ പരിശോധനാ വിധേയമാക്കേണ്ടത് അനിവാര്യമായതിനാൽ നിലവിലുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ എണ്ണം കൂട്ടുകയും പരിശോധന ഊർജ്ജിതമാക്കി നികുതി ചോർച്ച തടയുന്നതിന് അനിവാര്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. കൂടാതെ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം വഴി അതിർത്തി കടന്ന് വരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി തൽസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്പോസ്റ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ആയത് വിജയകരമായതിനാൽ സംസ്ഥാന അതിർത്തികളിലുള്ള പ്രധാനപ്പെട്ട 23 മേഖലകളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br><br>നിയമാനുസൃതമായ ഇ-വേ ബിൽ ഇല്ലാതെയുള്ള ചരക്കുനീക്കം കർശനമായി പരിശോധിച്ചുവരുന്നു. കൂടാതെ 2 മാസത്തിൽ കൂടുതൽ റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്ത വ്യാപാരികൾക്ക് ഇ-വേ ബിൽ എടുക്കുന്നത് തടയുന്നതിന് ആവശ്യമായ മാറ്റങ്ങൾ GSTN സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുകൾ യഥാസമയം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്നു. GSTR-1, GSTR 3B റിട്ടേണുകളിൽ രേഖപ്പെടുത്തിയ വിവരങ്ങൾ, ഇ-വേ ബിൽ ഡാറ്റാ, GSTR 2A റിട്ടേൺ, ഡാറ്റാ, TDS/TCS ഡാറ്റാ എന്നിവയുമായി താരതമ്യം ചെയ്ത് നികുതി ചോർച്ച തടഞ്ഞുവരുന്നു. കൂടാതെ IIITM-K എന്ന സ്ഥാപനവുമായി സംയോജിച്ച് ഡാറ്റാ അനാലിസിസ് നടത്തി ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>വിവിധ മേഖലകളിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ശൃംഖല വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | രജിസ്ട്രേഷൻ ബാധ്യതയുള്ളവരിൽ നിരവധി വ്യാപാരികൾ രജിസ്ട്രേഷൻ എടുത്തിട്ടില്ലെന്നും രജിസ്ട്രേഷൻ നടത്തിയിട്ടുള്ളവരിൽ ഗണ്യമായ ഒരു ഭാഗം നികുതി റിട്ടേൺ സമർപ്പിച്ചിട്ടില്ലെന്നുമുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ ശക്തമായ പരിശോധന നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ചരക്കുസേവന നികുതി നിയമം നടപ്പിലായതിനുശേഷം മറ്റു പല സംസ്ഥാനങ്ങളിലും നികുതിദായകരുടെ എണ്ണം ഇരട്ടിയായി വർദ്ധിക്കുകയുണ്ടായി. എന്നാൽ ഇത്തരത്തിലൊരു വർദ്ധനവ് കേരളത്തിൽ പ്രകടമായില്ല. ആയതിനാൽ ഫുഡ് സേഫ്റ്റി, KSEB, ഗ്യാസ് ഏജൻസികൾ തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ നികുതി ശൃംഖല വർദ്ധിപ്പിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>റിട്ടേൺ സമർപ്പിക്കാത്ത വ്യാപാരികൾക്ക് കമ്പ്യൂട്ടർ സംവിധാനം വഴി ആട്ടോമാറ്റിക് ആയി 3 എ നോട്ടീസ് നൽകുന്നു. തുടർന്ന് റിട്ടേൺ സമർപ്പിക്കാത്ത പക്ഷം ASMT 13 നികുതി നിർണ്ണയ ഉത്തരവുകൾ നൽകിവരുന്നു. കൂടാതെ 2 മാസത്തിൽ കൂടുതൽ റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്ത വ്യാപാരികൾക്ക് ഇ-വെ ബിൽ എടുക്കുന്നത് തടയുന്നതിന് ആവശ്യമായ മാറ്റങ്ങൾ GSTN സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | വാർഷിക റിട്ടേൺ സമർപ്പിക്കുന്നതിനുള്ള കാലപരിധി വീണ്ടും വീണ്ടും കേന്ദ്രസർക്കാർ വർദ്ധിപ്പിച്ചു നൽകുന്നത് പരിശോധനയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ; | (സി | ഉണ്ട്. വാർഷിക റിട്ടേൺ പരിശോധനയിലൂടെ മാത്രമേ അർഹതയില്ലാതെ എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് ക്രഡിറ്റ് കണ്ടെത്തി നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. കൂടാതെ ഇ-വെ ബിൽ, ഡാറ്റാ, GSTR 2A റിട്ടേൺ ഡാറ്റാ, TDS/TCS ഡാറ്റാ എന്നിവയുമായി താരതമ്യം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് വാർഷിക റിട്ടേൺ |

| | | | |
|---|---|---|---|
| | | | ഫയൽ ചെയ്യേണ്ടതാണ്. |
| (ഡി) | അന്തർ സംസ്ഥാന ചരക്കു നീക്കത്തിനും ആഭ്യന്തര ചരക്കു നീക്കത്തിനും ഇ-വേ ബിൽ പരിശോധന ശക്തമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; ഇവ റിട്ടേണുകളുമായി താരതമ്യം ചെയ്തു പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) . | സംസ്ഥാനത്ത് ചരക്കുസേവന നികുതി വകുപ്പിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലവിലുള്ള സ്ക്വാഡുകളുടെ എണ്ണം വർദ്ധിപ്പിച്ചു. കൂടാതെ അന്തർ സംസ്ഥാന ചരക്കുനീക്കം പരിശോധിക്കുന്നതിനായി പ്രധാന അതിർത്തി പ്രദേശങ്ങളിൽ സർവെയലൻസ് സ്ക്വാഡുകളെ വിന്യസിച്ചു. കൂടാതെ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നേഷൻ സംവിധാനം വഴി അതിർത്തി കടന്ന് വരുന്ന വാഹനങ്ങൾ കൂടുതൽ കാര്യക്ഷമമായി തൽസമയം പരിശോധിക്കുന്നതിനുള്ള നടപടികൾ വാളയാർ ചെക്പോസ്റ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ആയത് വിജയകരമായതിനാൽ സംസ്ഥാന അതിർത്തികളിലുള്ള പ്രധാനപ്പെട്ട 23 മേഖലകളിൽ കൂടി ഈ സംവിധാനം നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br><br>നിയമാനുസൃതമായ ഇ-വേ ബിൽ ഇല്ലാതെയുള്ള ചരക്കുനീക്കം കർശനമായി പരിശോധിച്ചുവരുന്നു. കൂടാതെ 2 മാസത്തിൽ കൂടുതൽ റിട്ടേൺ സമർപ്പിച്ചിട്ടില്ലാത്ത വ്യാപാരികൾ ഇ-വേ ബിൽ എടുക്കുന്നത് തടയുന്നതിന് ആവശ്യമായ മാറ്റങ്ങൾ GSTN സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇ-വേ ബിൽ വഴി ലഭ്യമായ വിവരങ്ങൾ റിട്ടേണുകളുമായി താരതമ്യപ്പെടുത്തി പരിശോധന നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ